(ബി) ഇതിൽ ഏതെല്ലാം പ്രശ്നങ്ങൾക്കാണ് ഇതിനകം പരിഹാരം കണ്ടിട്ടുള്ള തെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്തിന്റെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിൽ ഏതെല്ലാം പദ്ധതികൾക്കാണ് കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഇ) കേന്ദ്രാനുമതി ലഭിച്ച പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചി ട്ടുണ്ടോ; എങ്കിൽ ഓരോ പദ്ധതിയുടേയും നിർമ്മാണ പ്രവർത്തനങ്ങൾ ഏത് സ്റ്റേജിലി രിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ബാധിക്കുന്ന നിരവധി പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിഗണനക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശം അനുബന്ധം (എ)-യിൽ കൊടുത്തിട്ടുണ്ട്.†

(ബി) സംസ്ഥാനം ഉന്നയിച്ചിട്ടുള്ള പല പ്രശ്നങ്ങളും കേന്ദ്ര സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുകയും ചില ആവശ്യങ്ങൾ ഇതിനകം അനുവദിക്കുകയും മറ്റു ചില ആവശ്യങ്ങൾ സമയബന്ധിതമായി തീർപ്പാക്കാമെന്നുള്ള ഉറപ്പ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (ബി)-യിൽ കൊടുത്തിട്ടുണ്ട്.†

(സി), (ഡി) & (ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

തലസ്ഥാന വികസന പദ്ധതി

4 [1475] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002-2003-ലെ സംസ്ഥാന ബഡ്ജറ്റിൽ വിഭാവന ചെയ്ത തലസ്ഥാന വികസന പദ്ധതിപ്രകാരം ഏറ്റെടുത്ത പ്രവർത്തനങ്ങൾ എത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) തലസ്ഥാന വികസന പദ്ധതിയിൽ കേന്ദ്ര ഗവൺമെന്റിൽ നിന്ന് ഇതേ വരെ എന്ത് തുക ലഭിച്ചിട്ടുണ്ടെണ് വിശദമാക്കാമോ;

(സി) ഈ വികസന പദ്ധതിക്ക് തദ്ദേശഭരണസ്ഥാപനങ്ങൾ ധനസഹായം ചെയ്യുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തലസ്ഥാന വികസന പദ്ധതിയുടെ ആദ്യവർഷത്തെ പ്രവർത്തനങ്ങൾ എന്നേക്ക് പൂർത്തിയാകുമെന്ന് അറിയിക്കുമോ;

(എഫ്) തലസ്ഥാന മേഖലയിലെ ഗതാഗത-ആരോഗ്യ പ്രശ്നങ്ങൾ പുതിയ വികസന പദ്ധതിയിൽ ഉൾക്കൊള്ളിക്കാൻ നിർദ്ദേശിക്കുമോ?

ഉത്തരം

(എ) 2002-2003-ലെ സംസ്ഥാന ബഡ്ജറ്റിൽ വിഭാവന ചെയ്ത തലസ്ഥാന വികസന പദ്ധതിയിൽ തീരപഥം പദ്ധതി മാത്രമേ ഉൾപ്പെട്ടിരുന്നുള്ളു. ഇതിന്റെ സാദ്ധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(ബി) 15 കോടി രൂപ ലഭിച്ചിട്ടുണ്ട്;

(സി) ഇല്ല

(ഡി) ചോദ്യം ഉദിക്കുന്നില്ല

(ഇ) തലസ്ഥാന വികസന പദ്ധതിയിൽപ്പെടുന്ന ജലദൗർലഭ്യമുള്ള പ്രദേശങ്ങളിൽ വെള്ളമെത്തിക്കൽ, തെരുവ് വൈദ്യുതീകരണം, ഖരമാലിന്യ നിർമാർജനം, മൃഗശാലയുടെ നവീകരണം തുടങ്ങിയ പദ്ധതികൾ അടുത്ത സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാൻ കഴിയും.

(എഫ്) തലസ്ഥാനത്ത് ഈഞ്ചയ്ക്കലിൽ ഒരു ബസ് ടെർമിനൽ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ഒരു കരട് രൂപരേഖ തയ്യാറാക്കി വരുന്നു. ആരോഗ്യ പ്രശ്നങ്ങൾ ഏറ്റെടുക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

സംസ്ഥാനത്തിന്റെ തനതായ അറിവുകളുടെയും ജൈവസമ്പത്തിന്റെയും സംരക്ഷണം

5 [1476] ശ്രീ. വി. ബാലറാം :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. കെ. മോഹൻ കുമാർ :
„ കെ. സി. വേണുഗോപാൽ :
„ പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ തനതായ അറിവുകളും ജൈവ സമ്പത്തും വിദേശികൾ ചൂഷണം ചെയ്യുന്നത് തടയുന്നതിനുള്ള ഒരു ബില്ലിന് രൂപം കൊടുത്തിരുന്നുവോ;

(ബി) എങ്കിൽ എന്ന്;

LIBRARY ARCHIVES Kerala Legislative Assembly